**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2805** **10-03-2025 - ൽ മറുപടിയ്ക്ക്**

**തരൂർ കാവശ്ശേരി കല്ലേപ്പുള്ളി മോഡേൺ റൈസ്മിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള കാവശ്ശേരി കല്ലേപ്പുള്ളി കെൽപാം മോഡേൺ റൈസ്മിൽ പദ്ധതിയുടെ പ്രവൃത്തി പുരോഗതി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | തരൂർ മണ്ഡലത്തിലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള കാവശ്ശേരി കല്ലേപ്പുള്ളി കെൽപാം മോഡേൺ റൈസ്മിൽ പദ്ധതിയുടെ 90% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>റൈസ് മില്ലുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ10-10-2024ൽ ചേർന്ന യോഗ തീരുമാന പ്രകാരം കിൻഫ്രയുടെ ടെക്നിക്കൽ കമ്മിറ്റിയെ സ്ഥല പരിശോധന (Spot Inspection) നടത്തി കണ്ടെത്തിയ പോരായ്മകൾ പരിഹരിച്ച് അന്തിമമായി റൈസ് മില്ല് റൺ ചെയ്യുന്നതിലേയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു .<br><br>അതിൻപ്രകാരം കിൻഫ്രയുടെ ടെക്നിക്കൽ കമ്മിറ്റി സ്ഥല പരിശോധന നടത്തുകയും 12.11.2024 ന് യോഗം ചേരുകയും അതിൻപ്രകാരം ടി റൈസ് മിൽ കമ്മീഷൻ ചെയ്യുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ KEL (കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്) ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് . ഇപ്രകാരം നൽകുന്ന പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ടി പദ്ധതി അന്തിമമാക്കുന്നതാണ് . നിലവിൽ ട്രയൽ റണ്ണിന് മുന്നോടിയായിട്ടുള്ള ഡ്രൈ റൺ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു . |

സെക്ഷൻ ഓഫീസർ